പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3545** 12/12/2014-**ൽ മറുപടിയ്ക്ക്**

**"ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി"**

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | | മറുപടി<br>ഡോ.എം.കെ.മുനീർ (ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി പ്രകാരം വായ്പ എടുത്തവർക്ക് കാലാവധിക്കു മുമ്പ് വായ്പ ഒരുമിച്ച് അടച്ചുകഴിഞ്ഞാൽ പ്രമാണം തിരിച്ചു നൽകുവാൻ ഉള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; | (എ) | ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തുകളാണ് വായ്പയെടുത്ത് ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നത്. ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുകയോ, സ്ഥലം വാങ്ങാൻ ധനസഹായം നൽകുകയോ ചെയ്യുമ്പോൾ വസ്തുവിന്റെ ആധാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേർക്ക് പണയപ്പെടുത്തുകയോ, ഗ്രാമപഞ്ചായത്തുകളിൽ സൂക്ഷിക്കുകയോ ചെയ്യുന്നില്ല. അനുവദിക്കുന്ന സ്ഥലത്തിന്റെ/വീടിന്റെ അന്യാധീനപ്പെടുത്തലും കൈമാറ്റവും 12 വർഷത്തേക്ക് ഒഴിവാക്കുന്നതിന് നിശ്ചിത മാതൃകയിൽ ഗുണഭോക്താവ് ഒരു കരാർ പത്രം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ എഴുതി സബ് രജിസ്ട്രാർഓഫീസിൽ രജിസ്റ്റർ ചെയ്യുകയാണ് ചെയ്യുന്നത്. കരാർ റദ്ദ് ചെയ്യുന്നതിന് ലഭിച്ച അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി എത്ര അപേക്ഷകൾ വൈപ്പിൻ മണ്ഡലത്തിൽ നിന്നും ലഭിച്ചിട്ടുണ്ട് ; ഇവർ ആരൊക്കെയാണ് ; ഈ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ ? | (ബി) | വൈപ്പിൻ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും പഞ്ചായത്ത് ഡയറക്ടർ മുഖേന ഇ.എം.എസ് ഭവന പദ്ധതി കരാർ റദ്ദ് ചെയ്യുന്നതിന് 6 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.<br>1. ശ്രീ.ദാസൻ, വെളുത്തേടത്ത് പറമ്പിൽ, ചേറായി, പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്.<br>2. ശ്രീ.വിനോദ്, ടിയാളുടെ ഭാര്യ ക്ഷണി, കളത്തിപറമ്പിൽ, ചേറായി, പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്.<br>3. ശ്രീമതി.മിനിദിലീപ്, കടവിൽ,ചേറായി, പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്.<br>4. ശ്രീ.രാജേഷ്,കിഴക്കേത്തറയിൽ, ചേറായി, പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്.<br>5. ശ്രീമതി.ട്രീസ മാത്യു (കർമ്മല) |

| | | | |
|---|---|---|---|
| | | | പടമാട്ടുമ്മേൽ, പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്.<br>6. ആന്റണി S/o ജോൺ, മഠത്തിപറമ്പിൽ, നായരമ്പലം ഗ്രാമപഞ്ചായത്ത്.<br><br>ഇതിൽ ക്രമനമ്പർ 1 മുതൽ 3 വരെയുള്ള അപേക്ഷകളിൽ അപേക്ഷർ കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ചടച്ചിട്ടുണ്ടെന്ന് ഉറപ്പാക്കിയ ശേഷം വായ്പാകരാർ റദ്ദാക്കി നൽകാൻ ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ക്രമനമ്പർ 4 മുതൽ 6 വരെയുള്ള അപേക്ഷകൾ പരിശോധനാ ഘട്ടത്തിലാണ്. ശ്രീ.എസ്.ശർമ്മ, എം.എൽ.എ ലഭ്യമാക്കിയ ശ്രീ.ഷിബു, S/o കണ്ടച്ചൻ, മറ്റപ്പിള്ളി എന്നവരുടെ അപേക്ഷ തീർപ്പാക്കി കരാർപത്രം റദ്ദാക്കി നൽകുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ